ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : സുഹാസ്.എസ്.ഐ.എ.എസ്)

---

സി12-48312/2013 തീയതി: 01.10.2018

---

വിഷയം :- ആലപ്പുഴ ജില്ലയിലെ കുട്ടനാട്താലൂക്കിലെ വെളിയനാട് വില്ലേജിൽ സർവ്വെ നം.1/1 ൽപ്പെട്ട 10.12 ആർസ് വസ്തു എൻ.സി.സി ഓഫീസ് കോംപ്ലക്സിനും ബോട്ടു ഹൗസ് നിർമ്മാണത്തിനുമായി ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറി നൽകി ഉത്തരവാകുന്നത്- സംബന്ധിച്ച്

വായന :- 1. എൻ.സി.സി.അഡീഷണൽ ഡയറക്ടർ ജനറലിൻെറ 27.07.15 ലെ ഭൂമി കൈമാറ്റത്തിനുള്ള അപേക്ഷ.

2. ആലപ്പുഴ സബ് കളക്ടറുടെ 26/02/18 ലെ ബി840/17 നമ്പർ കത്ത്.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 31.03.18 ലെ എൽ.ആർ.(കെ2)-39288/17 നം. കത്ത്

4. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ(എ) വകുപ്പിൻെറ 10.07.18 ലെ എ 4/76/2018-REV നം.കത്ത്

5. ജി.ഒ.(പി) നം.31/2018 /റവ തീയതി 05.06.18 നം. ഉത്തരവ്

..................

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ സർവ്വേ നം.1/1 ൽ പ്പെട്ട 10.12 ആർസ് ഭൂമി എൻ.സി.സി ഓഫീസ് കോംപ്ലക്സിനും, ബോട്ടുഹൗസ് നിർമ്മാണത്തിനുമായി വിട്ടു നൽകണമെന്ന് സൂചന(1) പ്രകാരം എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറൽ അപേക്ഷിക്കുകയുണ്ടായി. ടി ഭൂമി വെളിയനാട് വില്ലേജിൽ എൻ.സി.സി.ഓഫീസ് കോപ്ലക്സും ബോട്ടും ഹൗസും നിർമ്മിക്കുന്നതിനായി ആവശ്യമായ രേഖകൾ സഹിതം പരാമർശം (2) പ്രകാരം ആലപ്പുഴ സബ് കളക്ടർക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. മേൽ വായന 5 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 50 സെൻറ് വരെയുള്ള ഭൂമിയുടെ കൈമാറ്റരേഖകൾ അംഗീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

വെളിയനാട് വില്ലേജിലെ ടി വസ്തുവിന് 84,02,761/- (എൺപത്തി നാലു ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി ആറുപത്തൊന്ന് രൂപ ) രൂപയും വില കണക്കാക്കിയിട്ടുണ്ട്. ടി ഭൂമിയിൽ നിൽപ്പുള്ള വൃക്ഷങ്ങളുടെ വിലയായി 2200/- രൂപയും ഉൾപ്പെടെ 84,04,961 (എൺപത്തിനാലു ലക്ഷത്തി നാലായിരത്തി തൊള്ളായിരത്തി അറുപത്തൊന്നു രൂപ) രൂപയും നിശ്ചയിച്ചിട്ടുള്ളതാണ്. സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ടി ഭൂമി എൻ.സി.സി വകുപ്പിന് കൈമാറുന്നതിന് ബി.റ്റി.ആർ, സ്കെച്ച്, മഹസ്സർ, ഗ്രൂപ്പ് സ്കെച്ച്,ലൊക്കേഷൻ സ്കെച്ച്, ആധാര പകർപ്പുകൾ സഹിതം ആലപ്പുഴ സബ് കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

ടി ഭൂമി എൻ.സി.സി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എൻ.സി.സി വകുപ്പിൽ നിന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്തിയിട്ടുള്ളതാണ്. ആലപ്പുഴ

ജില്ലയിലെ കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിലെ സർവ്വെ 1/1 ൽപ്പെട്ട 10.12 ആർസ് ഭൂമി വെളിയനാട് എൻ.സി.സി കോംപ്ലക്സും, ബോട്ട് ഹൗസും നിർമ്മിക്കുന്നതിനുമായി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് എൻ.സി.സി വകുപ്പിന് കൈമാറുന്നതിന് ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ
2. ഭൂമി ദുരുപയോഗപ്പെടുത്താനോ, 'പാട്ടത്തിന്/ ഉപപാട്ടത്തിന്/ തറവാടകയ്ക്ക് നൽകുവാനോ ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ പണയപ്പെടുത്തുവാനോ പാടില്ല.
3. ഭൂമി എല്ലാതരത്തിലുമുള്ള കയ്യേറ്റങ്ങളിൽ നിന്നും എൻ.സി.സി വകുപ്പ് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ച് നിർത്തേണ്ടതാണ്.
4. ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
5. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്നപക്ഷം സ്ഥലം പൂർണ്ണമായും ചമയങ്ങൾ അടക്കം നഷ്ടപരിഹാരം കൂടാതെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

( ഒപ്പ്)
ജില്ലാ കളക്ടർ

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി കളക്ടർ

പകർപ്പ്ഃ

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ (എ) വകുപ്പ്
3. എൻ.സി.സി ഡിപ്പാർട്ടുമെൻറ് – അഡി. ഡയറക്ടർ ജനറൽ, NCC ഡയറക്ടറേറ്റ്, വഴുതക്കാട്, തിരുവനന്തപുരം
4. ആർ.ഡി.ഒ, ആലപ്പുഴ
5. തഹസിൽദാർ, കുട്ടനാട്

40

For Publish in Web Site

09/10/18

P

8135